# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.112 18.03.2013 ൽ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന നിരാഹാര സമരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ): | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന നിരാഹാര സമരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സമരം അവസാനിപ്പി ക്കുന്നതിനായി എന്ത് നടപടി യാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയി ക്കുമോ? | (ബി) | എൻഡോസൾഫാൻ ജനകീയ പീഡിത മുന്നണി 2013 ഫെബ്രുവരി 18 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുന്ന കാര്യം അറിയിച്ചു കൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് സമർപ്പിച്ചിരുന്നു. തുടർന്ന് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നേതാക്കളുമായി ജില്ലാ കളക്ടർ 13.02.13 ന് ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ പീഡിത ജനകീയ മുന്നണി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ ഇതുവരെ ജില്ലയിൽ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ കളക്ടർ സമരസമിതി മുമ്പാകെ വിശദീകരിച്ചു. സമര സമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ പലതും ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട തായിട്ടുള്ള ആവശ്യങ്ങൾ ജില്ലാ കളക്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയും ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. 26.02.2013 ന് ജില്ലാ കളക്ടറും എൻഡോസൾഫാൻ സ്പെഷ്യൽ സെല്ലിലെ ഡെപ്യൂട്ടി കളക്ടറും സമരക്കാരെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. കൂടാതെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ ബഹു. കാസർഗോഡ് എം.എൽ.എ ആയ ശ്രീ.എൻ.എ.നെല്ലിക്കുന്ന് 28.02.13 ന് സമരക്കാരെ സന്ദർശിക്കുകയും സമരക്കാരുടെ ആവശ്യങ്ങൾ അനുഭാവ പൂർവം പരിഗണിച്ച് ഉന്നതലയോഗം വിളിക്കുവാൻ സർക്കാർ തയ്യാറാണെന്ന് സമരസമിതിയെ അറിയിക്കു കയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് 25.03.2013 ന് ഈ വിഷയം ചർച്ചചെയ്യുന്നതിനായി ഉന്നതതല യോഗം വിളിച്ചുകൂട്ടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ